## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **148** **5/12/2014** ൽ മറുപടിയ്ക്ക്

# റബ്ബർ മേഖല നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ ജയരാജ്<br>ശ്രീ. പി. സി. ജോർജ്ജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | **കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ റബ്ബറിനെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ആശയ വിനിമയം നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെല്ലാം ഉറപ്പുകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) റബ്ബർ വ്യവസായത്തെ 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) റബ്ബർ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്നു നിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽ നിന്നും കിലോയ്ക്ക് 5/- രൂപ കൂടുതൽ നൽകി ആർ എസ് എസ് 4, ആർ എസ് എസ് 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരണം കർഷകരിൽ നിന്നും നടത്തുന്നതിന് 6/11/2014 തീയതിയിലെ സ.ഉ(എംഎസ്) നമ്പർ 254/2014/കൃഷി പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.<br>റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ |

ആവശ്യമാണ് എന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാനസർക്കാർ, കേന്ദ്രസർക്കാരിനോട് നിവേദനങ്ങളിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

1. റബ്ബറിന്റെ ഇറക്കുമതി തടയുക.

2. റബ്ബർ വ്യവസായത്തെ 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തുക.

3. റബ്ബർ ഷീറ്റിന്റേയും, റബ്ബർ ഉല്പന്നങ്ങളുടേയും ഇറക്കുമതി ചുങ്കം 8 ശതമാനത്തിൽ നിന്നും 40 ശതമാനമായി വർദ്ധിപ്പിക്കുക.

4. റബ്ബർ ആക്ടിൽ ഭേദഗതി വരുത്തി സ്വാഭാവിക റബ്ബറിന്റേതു പോലെ സിന്തറ്റിക് റബ്ബറിനും കിലോയ്ക്ക് 2 രൂപ നിരക്കിൽ സെസ് ഏർപ്പെടുത്തുക.

5. സ്വാഭാവിക റബ്ബറിന്റെ ഉപയോഗം തദ്ദേശീയമായി വർദ്ധിപ്പിക്കുക.

6. ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40% ആയി വർദ്ധിപ്പിക്കുക.

7. റബ്ബർ ഉല്പാദനം വർദ്ധിപ്പിക്കുവാൻ റബ്ബർ കർഷകരെ പ്രോത്സാഹിപ്പിക്കുക.

8. സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക.

9. റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുക.

10. സ്വാഭാവിക റബ്ബർ പോളിസി രൂപീകരണ കമ്മിറ്റിയിൽ കൂടുതൽ കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുക.

സെക്ഷൻ ഓഫീസർ